കാസർഗോഡ് ജില്ലയിൽ പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കാൻ നടപടി

183 (4246) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിന്നോക്ക വിഭാഗ സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ സെക്ഷൻ ഓഫീസുകളാണ് പുതുതായി അനുവദിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ജില്ലയിൽ 25000-ന് മുകളിൽ ഉപഭോക്താക്കളുള്ള സെക്ഷനുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ ;

ഉത്തരം

(എ&ബി) 10-5-2010-ലെ ബോർഡ് ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലയിൽ ഉള്ള സെക്ഷൻ വിഭജിച്ച് പൈവളിക സെക്ഷൻ അനുവദിച്ചിട്ടുണ്ട്. 25,000 ൽ കൂടുതൽ ഉപഭോക്താക്കൾ ഉള്ളതും 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ളതുമായ സെക്ഷനുകൾ ഉപഭോക്താക്കളുടെ സൗകര്യവും കണക്കിലെടുത്താണ് വിഭജനത്തിനായി പരിഗണിച്ചുവരുന്നത്.

(സി) ചോർക്കള.

ചിറയിൻകീഴ് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിനെ സബ്-ഡിവിഷൻ ഓഫീസായി ഉയർത്തുന്നതിന് നടപടി

184 (4247) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിന്നോക്ക വിഭാഗ സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടയ്ക്കാവൂർ സബ്ഡിവിഷന് കീഴിൽ പ്രവർത്തിക്കുന്ന, ചിറയിൻകീഴ് സെക്ഷൻ ഓഫീസിനെ, സബ്ഡിവിഷൻ ഓഫീസായി ഉയർത്തുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ, ഇതിനുള്ള നടപടി വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സെക്ഷൻ ഓഫീസിന് കീഴിൽ ചിറയിൻകീഴ്, അഴൂർ, കിഴുവിലം പഞ്ചായത്തുകൾ പൂർണ്ണമായും സമീപപ്രദേശങ്ങളായ മുരുക്കുംപുഴ, കഠിനംകുളം, കണിയാപുരം പ്രദേശങ്ങളും പ്രവർത്തിക്കുന്ന കാരണത്താൽ ഉണ്ടാകുന്ന ജോലിഭാരം കണക്കാക്കിയും, ഉപഭോക്താക്കളുടെ സൗകര്യം കണക്കാക്കിയും പ്രസ്തുത വിഷയം ഗൗരവമായി പരിഗണിക്കുമോ ;

(സി) അഴൂർ പഞ്ചായത്തിലും, കിഴുവിലം പഞ്ചായത്തിലും ഓരോ സെക്ഷൻ ഓഫീസ് വീതം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ഇപ്പോൾ പരിഗണനയിലില്ല.

കാക്കയങ്ങാടിൽ സെക്ഷൻ ഓഫീസ് അനുവദിക്കാൻ നടപടി

185 (4248) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക വിഭാഗ സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടുതൽ സെക്ഷൻ ഓഫീസുകൾ മോഡൽ സെക്ഷനായി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പേരാവൂർ നിയോജകമണ്ഡലത്തിലെ ആറളംഫാം ആദിവാസി പുനരധിവാസമേഖലയിലെ കാക്കയങ്ങാടിൽ സെക്ഷൻ ഓഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സമയബന്ധിതമായി കേരളത്തിലെ എല്ലാ സെക്ഷൻ ഓഫീസുകളും മോഡൽ സെക്ഷൻ ആക്കി മാറ്റാനാണ് ഇപ്പോൾ വകുപ്പുദ്ദേശിക്കുന്നത്.

(ബി) ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

കെ.എസ്.ഇ.ബി. യുടെ പുതിയ സെക്ഷൻ ഓഫീസുകൾ

188 (4249) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക വിഭാഗ സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപഭോക്താക്കളുടെ എണ്ണവും ദൂരവും പരിഗണിച്ച് ചാവക്കാട് മണ്ഡലത്തിലെ പരിയാരം, കൊരട്ടി, ചാവക്കാട് സെക്ഷൻ എന്നീ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ സെക്ഷൻ ഓഫീസുകളാണ് പുതുതായി രൂപീകരിക്കുക ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

ചാരുംമൂട്ടിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ്

187 (4250) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക വിഭാഗ സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ ചാരുംമൂട്ടിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly